റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സാധാരണഗതിയിൽ റൂൾ 55 അനുസരിച്ച് 12.30നാണ് ചർച്ച ചെയ്യേണ്ടത്. സ്പീക്കർക്ക് വേറെ സമയം നിശ്ചയിക്കാം. പക്ഷേ ഗവൺമെന്റിന് ബിസിനസ് ഉള്ളതുകൊണ്ട് ബിസിനസ് തീർത്തതിനുശേഷം അടിയന്തിര പ്രമേയം ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഇത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. നമ്മളെയൊക്കെ വളരെയധികം വേദനിപ്പിക്കുന്ന ഒരു സംഭവമാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടത്തെ ലേറ്റസ്റ്റ് ഡെവലപ്മെന്റിനെപ്പറ്റി പറഞ്ഞു. ഇന്നത്തെ കാര്യവും അദ്ദേഹം സൂചിപ്പിച്ചു. ഈ വിഷയം ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്, സർക്കാർ അത് സമ്മതിക്കുകയും ചെയ്തു. റെഗുലർ ബിസിനസ് കഴിഞ്ഞ് ഇത് ചർച്ചയ്ക്കെടുക്കാം എന്നാണ് ഗവണ്മെന്റ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ചെയ്യാം. അതേസമയം ചെയറിന് ഒരു കാര്യം പറയാനുള്ളത് നമ്മളെല്ലാവരും സഹകരിച്ച് കഴിയുന്നതുംവേഗം നമുക്ക് പരിപാടികൾ അവസാനിപ്പിക്കണമെന്നുള്ളതാണ്. വളരെ നീണ്ടുപോകരുത്. നാളത്തെ പ്രശ്നം സംബന്ധിച്ച് ചില സൗകര്യങ്ങളൊക്കെ ചെയ്യാനുള്ളതുകൊണ്ട് അനന്തമായി നീട്ടിക്കൊണ്ട് പോകരുത്. നിശ്ചിത സമയത്തുതന്നെ തീർക്കാനുള്ള സഹകരണംകൂടി എല്ലാവരിൽ നിന്നുമുണ്ടാകണം.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. സ്റ്റീഫൻ ജോർജ്: കഴിഞ്ഞ 58 വർഷമായി പ്രശസ്ത നിലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാസ്ഥാപനമായ ട്രാവൻകൂർ സിമന്റ്സ് ഇന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. 1949-ൽ ഗ്രേ സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ കമ്പനി പ്രവർത്തനമാരംഭിച്ചത്. 1974-ൽ പൂർണ്ണമായും വൈറ്റ് സിമന്റ് നിർമ്മാണം ആരംഭിച്ച് 1977-ൽ വൈറ്റ് സിമന്റിൽ നിന്ന് സൂപ്പർ സെൽഷം നിർമ്മിക്കാൻവേണ്ടി തീരുമാനിച്ചു. ഈ കമ്പനി രൂപീകൃതമായതുതന്നെ വേമ്പനാട്ട് കായലിലെ വെള്ളകക്ക ഉപയോഗിച്ച് വൈറ്റ് സിമന്റ് നിർമ്മിക്കുന്നതിനുവേണ്ടിയാണ്. മൽസ്യബന്ധനത്തിന് തടസ്സമാകുന്നു എന്നുപറഞ്ഞ് പരിസ്ഥിതിപ്രശ്നമൊക്കെ ഉന്നയിച്ച് ചില മൽസ്യത്തൊഴിലാളികളാണ് പ്രശ്നം ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് കമ്പനി ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. മനുഷ്യപ്രയത്നം കൊണ്ട് ശേഖരിക്കാൻ കഴിയാത്ത കക്ക വളരെ ആഴത്തിൽനിന്നും ഡ്രഡ്ജിംഗ് വഴിയാണ് സംഭരിക്കുന്നത്. അതുകൊണ്ട് ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നതായി ഒരു പഠന റിപ്പോർട്ടും സൂചിപ്പിക്കുന്നില്ല. കക്കയിൽനിന്നും ഗുണനിലവാരമുള്ള വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിക്കുന്ന ലോകത്തിലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏക കമ്പനിയാണിത്. പ്രതിദിനം 220 ടൺ കക്ക ആ ഒരു കമ്പനിക്ക് ആവശ്യമായി വരും. ഇത് നടത്തുന്നതുകൊണ്ട് കായലിലെ ആവാസ വ്യവസ്ഥയ്ക്കോ കക്കയുടെ പ്രജനന വളർച്ചയ്ക്കോ യാതൊരു കോട്ടവും സംഭവിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇക്കാര്യത്തിൽ രാഷ്ട്രീയക്കാരും എല്ലാ യൂണിയനുകളും ഒരുമിച്ച് നിൽക്കുകയാണ്. കായലിലെ 4400 ഹെക്ടറിൽ കേവലം 250 ഹെക്ടർ മാത്രമാണ് ഡ്രഡ്ജിംഗിനുവേണ്ടി ലീസിന് ഗവണ്മെന്റ് അനുമതി കൊടുത്തിട്ടുള്ളത്. അവിടെ ഡ്രഡ്ജിംഗ് നടത്താൻ നിയമപരമായിട്ടുള്ള എല്ലാ സാധ്യതകളുമുണ്ടായിട്ടും ഇതിനെ എതിർക്കുന്നത് ശരിയല്ല. 2010 വരെ ഇതിന് ആവശ്യമായ അനുമതി നൽകിയിട്ടുണ്ട്. 600 തൊഴിലാളികൾ നേരിട്ടും 1000 തൊഴിലാളികൾ ഇൻഡയറക്ടായിട്ടും ജോലിചെയ്യുന്ന സ്ഥാപനമാണ്. ഈ സ്ഥാപനം അടച്ചുപൂട്ടിയാൽ ഏതാണ്ട് 1600 ഓളം തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ് പട്ടിണിയിലാകുന്നത്. ഇതിനു അനുകൂലമായിട്ടുള്ള കോടതി വിധിയുമുണ്ട്. എക്സൈസ് നികുതിയിനത്തിൽ ഈ കമ്പനി 10 കോടി രൂപയാണ് ഗവണ്മെന്റിനുകൊടുക്കുന്നത്. തമിഴ്നാട്ടിലെയും കേരളത്തിലെയും സാധാരണക്കാരായ ആളുകൾക്ക് ഗുണനിലവാരമുള്ള വൈറ്റ് സിമന്റ് വിലകുറച്ച് ലഭിക്കാൻ കാരണം ഈ ഏക ഫാക്ടറി നമുക്കുള്ളതുകൊണ്ടാണ്. ബിർള, ജെ.കെ. പോലുള്ള സ്വകാര്യകമ്പനികൾ വിൽക്കുന്നതിനേക്കാൾ വില കുറച്ചാണ് ഇവിടെ വൈറ്റ് സിമന്റ് വിൽക്കുന്നത്. സ്വകാര്യകമ്പനികളുടെ സ്വാധീനം ഈ സമരത്തിനു പിന്നിലുണ്ടെന്നാണ് പറയപ്പെടുന്നത്. ഈ കാര്യത്തിൽ സ്വകാര്യ കമ്പനികളെ നിയന്ത്രിക്കുന്നതിനും അവരുടെ ഇടപെടൽ അവസാനിപ്പിക്കാനും നമ്മുടെ നാടിന്റെ അഭിമാനമായ ഈ പൊതുമേഖലാസ്ഥാപനം നിലനിർത്താനുമുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട റവന്യു മന്ത്രിയും വ്യവസായ മന്ത്രിയും ഫിഷറീസ് മന്ത്രിയും ഒക്കെകൂടി യോഗംചേർന്ന് ആ യോഗത്തിൽവച്ച് ഒരു ധാരണയുണ്ടായി. ഇവിടെ ഡ്രഡ്ജിംഗ് നടത്താൻവന്ന തൊഴിലാളിയെ ഡ്രഡ്ജിംഗ് നടത്തുന്നതിന് സമ്മതിച്ചില്ല. ആർ.ഡി.ഒ. ഒരു യോഗം വിളിച്ചു. ആ യോഗത്തിൽ ഇതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കൊച്ചി സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. കെ. രവീന്ദ്രൻ, ഡോ. കെ. കെ. അപ്പുക്കുട്ടൻ, കൊച്ചിൻ സർവ്വകലാശാലയിലെ ഡോ. ബി. എൻ. ശിവശങ്കരപ്പിള്ള എന്നിവർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. അവർക്ക് പഠനം നടത്താൻ രണ്ടു ദിവസം ആവശ്യപ്പെട്ടു. അത് സമ്മതിച്ചില്ല. ദേശാടനപ്പക്ഷികളുടെ പറുദീസയായ വേമ്പനാട് കായലിൽ 155 തരം പക്ഷികൾ ഉണ്ട്. 79 ഇനം മൽസ്യങ്ങളുണ്ട്. 18 തരം ഇഴജന്തുക്കളുണ്ട്, 180 തരം സസ്യങ്ങൾ ഉണ്ട്. ജൈവവൈവിധ്യത്തിന്റെ കലവറയാകുന്ന അഞ്ച് നദികൾ അവിടെയുണ്ട്. ഇവിടെ ഇതെല്ലാം ഉണ്ടായിട്ടും കഴിഞ്ഞ 56 വർഷമായി അവിടെ ഡ്രഡ്ജിംഗ് നടക്കുകയാണ്. എന്നിട്ടും അവിടുത്തെ പരിസ്ഥിതിക്ക് ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. അതുകൊണ്ട് ചില

തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യം അനാവശ്യമാണ്. നമ്മുടെ നാടിന്റെ പൊതുമേഖലാസ്ഥാപനത്തെ അടച്ചുപൂട്ടാൻ മാത്രമേ ഇത് സഹായിക്കുകയുള്ളൂ. ബഹുമാന്യനായ കേന്ദ്ര ഷിപ്പിംഗ് ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. ടി.ആർ. ബാലു 24-7-2005-ലെ ഹിന്ദു പത്രത്തിൽ ഒരു പ്രസ്ഥാവന നടത്തുകയുണ്ടായി. ആ പ്രസ്താവന The environmental impact monitoring of the Sethusamudram ship Channel Project (SSCP) being carried out by experts of the Alagappa University Karaikudi, on various Physico — chemical parameters of dredging shows there is no threat to the marine eco-system. അളഗപ്പ സർവ്വകലാശാലയിലെ പ്രധാനപ്പെട്ട വിദഗ്ദ്ധരെവച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര മന്ത്രി സ്റ്റേറ്റ്മെന്റ് നടത്തിയിട്ടുള്ളത്. ഇതിന്റെ അനുഭവത്തിൽ ഡ്രഡ്ജിംഗ് നടത്തുന്നതുകൊണ്ട് യാതൊരുവിധ പരിസ്ഥിതിപ്രശ്നവും ഉണ്ടാകുന്നില്ലെന്നുള്ളതാണ്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ച് നമ്മുടെ നാടിന്റെയും സംസ്ഥാനത്തിന്റെയും അഭിമാനമായ പൊതുമേഖലാസ്ഥാപനം നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*: ട്രാവൻകൂർ സിമന്റ്സ് കമ്പനി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുവായ വെള്ളക്കക്ക കഴിഞ്ഞ 25 വർഷമായി കുമരകത്തുനിന്നുമാണ് ശേഖരിക്കുന്നത്. കക്കയുടെ ലഭ്യത കുറഞ്ഞതിനെത്തുടർന്ന് കമ്പനിക്ക് ലീസുള്ള വടുതലയിൽനിന്നും കക്ക ശേഖരിക്കുന്നതിന് 2005 മാർച്ചിൽ ഡ്രഡ്ജർ എത്തിയെങ്കിലും നാട്ടുകാരിൽ ഒരു വിഭാഗത്തിന്റെ എതിർപ്പുമൂലം ഡ്രഡ്ജിംഗ് നടത്താൻ കഴിഞ്ഞില്ല. ഈ വിഷയം കമ്പനി അധികൃതർ നിരവധിപ്രാവശ്യം വിവിധതലങ്ങളിൽ ചർച്ച നടത്തിയെങ്കിലും ഒന്നും ഫലവത്താകാത്തതിനെത്തുടർന്ന് 15-3-2005-ൽ സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ റവന്യൂ, വ്യവസായ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കുകയും ഒരു ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തു. ആ ഒത്തുതീർപ്പിന്റെ വ്യവസ്ഥകൾ മുഴുവൻ വായിക്കുന്നില്ല. ഇതനുസരിച്ച് സർക്കാരും കമ്പനിയും തുടർനടപടികൾ സ്വീകരിച്ചുവെങ്കിലും ഒരു വിഭാഗം ആളുകളുടെ എതിർപ്പുമൂലം വീണ്ടും അത് നടക്കാത്ത സ്ഥിതിയിലേക്ക് എത്തി. ഇതിനിടയിൽ കമ്പനിക്ക് ലീസ് ഉള്ളതും 1986-വരെ കക്ക ശേഖരിച്ചിരുന്നതുമായ വൈക്കം, ടി.വി. പുരം ഭാഗത്തുനിന്നും കക്ക ശേഖരിക്കാൻ കമ്പനി നടപടി സ്വീകരിച്ചെങ്കിലും വീണ്ടും ഒരു ചെറിയ വിഭാഗം ആളുകൾ വലകളും വള്ളങ്ങളും കൊണ്ട് ഡ്രഡ്ജറിന് ഉപരോധം ഏർപ്പെടുത്തിയതുമൂലം അവിടെയും പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ കമ്പനിയുടെ കക്കാശേഖരം പൂർണ്ണമായും തീർന്നുകഴിഞ്ഞു. പ്രതിദിനം 180 ടൺ കക്ക ആവശ്യമുള്ള കമ്പനിയുടെ പ്രവർത്തനം പത്ത് ദിവസത്തിനകം

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും നിലയ്ക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. സൊസൈറ്റികളിൽനിന്ന് കക്കവാങ്ങി ഉൽപ്പാദനം നടത്താൻ ശ്രമിച്ചുവെങ്കിലും 400 ടൺ കക്ക മാത്രമാണ് മൂന്ന് ആഴ്ചകൊണ്ട് കമ്പനിക്ക് ലഭിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കമ്പനിയുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനെതിരെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കമ്പനിയും തൊഴിലാളി സംഘടനകളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കേസ് ഈ മാസം 29-ന് ഹിയറിംഗിന് വച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഫർദറായി ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കോട്ടയത്ത് വിളിച്ചു ചേർക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സ്റ്റീഫൻ ജോർജ്: ഗവൺമെന്റ് കമ്പനിക്ക് ലീസിന് കൊടുത്തിട്ടുള്ള സ്ഥലത്ത് എല്ലാ നിയമവ്യവസ്ഥയുമുള്ള മേഖലയിൽ കമ്പനി ഡ്രഡ്ജിംഗ് നടത്താൻ ശ്രമിക്കുമ്പോൾ അത് തടയുന്ന മൽസ്യത്തൊഴിലാളികളിൽനിന്നും കമ്പനിക്ക് പ്രൊട്ടക്ഷൻ കൊടുക്കാനാവശ്യമായ പോലീസ് പ്രൊട്ടക്ഷൻ ഗവൺമെന്റ് നൽകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: പോലീസ് പ്രൊട്ടക്ഷൻ നൽകാൻ സർക്കാർ തയ്യാറാണ്. പക്ഷേ, അത് ബലപ്രയോഗത്തിൽ മാത്രമേ കലാശിക്കുകയുള്ളൂ എന്നാണ് അവിടെനിന്ന് കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ. ഇനിയും അത് തുടരുകയാണെങ്കിൽ തീർച്ചയായും കമ്പനി വളരെ ശക്തമായിത്തന്നെ മുന്നോട്ടു പോകും. അതിന് എല്ലാ സംരക്ഷണവും ഗവൺമെന്റ് നൽകുന്നതാണ്.

(2) സർക്കാർ - എയ്ഡഡ് മേഖലകളിലെ എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് 12,640 സ്കൂളുകളുണ്ട്. അതിൽ എൽ.പി. സ്കൂളുകൾ 6805-ഉം യു.പി. സ്കൂളുകൾ 3061-ഉം ഹൈസ്കൂളുകൾ 2,774-ഉം ആണ്. ഈ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 46 ലക്ഷത്തോളം വരും. നമ്മുടെ സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ട് വളരെ വർഷങ്ങളായി. നമ്മുടെ സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾക്കും അതിനുശേഷമുള്ള യു.പി. സ്കൂളുകൾക്കുമൊക്കെ പലതരത്തിലുള്ള പ്രത്യേകതകളുണ്ട്. സംസ്ഥാനത്തെ ഏതാനും ചില സ്കൂളുകളിൽ അഞ്ചാം ക്ളാസ് വരെ ഉണ്ട്. എട്ട്, ഒൻപത്, പത്ത് ക്ളാസുകളും ഉണ്ട്. ആറ്, ഏഴ് ക്ളാസുകൾ മാത്രമില്ലാത്ത വളരെക്കുറച്ച് സ്കൂളുകൾ മാത്രമേയുള്ളൂ. ഞാൻ മനസ്സിലാക്കുന്നത് ഏതാണ്ട് അഞ്ഞൂറോളം

LIBRARY ARCHIVES Kerala Legislative Assembly